പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 102

28.11.2018-ൽ
മറുപടിയ്ക്ക്

## പത്രജീവനക്കാർക്ക് പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | 2000-ന മുമ്പ് വിരമിച്ച പത്ര ജീവനക്കാർക്ക് (നോൺ ജേണലിസ്റ്റ്) പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് ഉത്തരവായതെന്നും ഉത്തരവിറങ്ങിയിട്ട് ഇതുവരെ പെൻഷൻ നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ; | (ബി) & (സി) | 02-03-2016 ലെ സ.ഉ (കൈ) നം. 4/2016/ ഐ&പി.ആർ പ്രകാരം 2000-ന മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും ലഭ്യമായ അപേക്ഷകൾ 15.05.2018-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പെൻഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പെൻഷൻ കമ്മിറ്റി പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ടി പദ്ധതി പ്രകാരം യോഗ്യമെന്ന് ഉപസമിതി ശിപാർശ ചെയ്ത 334 പേർക്കും മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം 2016 ജനുവരി മുതൽക്കുള്ള പെൻഷൻ കുടിശ്ശിക സഹിതം നൽകണമെന്നും ഇതിലേക്ക് വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ കണക്കാക്കി ധനവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും തീരുമാനമായിരുന്നു. പെൻഷൻ കമ്മിറ്റി തീരുമാന പ്രകാരം 2000-ന മുമ്പ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ച് ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്. |
| (സി) | ഇവർക്ക് എന്ന് മുതൽ പെൻഷൻ നൽകി തുടങ്ങുമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

87 അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - 2000-ന മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

സ.ഉ (കൈ) നം. 04/2016/ഐ&പി.ആർ

തിരുവനന്തപുരം, തീയതി : 02-03-2016

പരാമർശം;- 4/2/2000 ലെ സ.ഉ (സാധാ) നം. 2/2000/പി.ആർ

**ഉത്തരവ്**

കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്ക് പരാമർശിത ഉത്തരവ് പ്രകാരം ഒരു പെൻഷൻ പദ്ധതി നടപ്പാക്കുകയുണ്ടായി. എന്നാൽ 2000-ന മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് ഇത് ബാധകമാക്കിയിരുന്നില്ല. 2015-16 ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയിൽ 2000-ന മുൻപ് വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ പത്രസ്ഥാപനങ്ങളിൽ നിന്നും 2000-ന മുൻപ് വിരമിച്ച 'പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള ക്ഷേമ പെൻഷൻ പദ്ധതി അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ പദ്ധതിക്ക് 01-01-2016 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കും.

2. പ്രസ്തുത പെൻഷൻ പദ്ധതിയിലേയ്ക്ക് അർഹരായവരുടെ അപേക്ഷകളും അനുബന്ധ രേഖകളും ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് വ്യക്തമായ ശിപാർശയോടുകൂടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. 30-4-2016-ന ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മേരി മെലനി നറ്റാർ
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (പി.ആർ)
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ)- Website-ൽ പ്രസിദ്ധീകരിക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്
ബഹു. ഐ&പി.ആർ. വകുപ്പ് മന്ത്രിയുടെ പി,എസ്
സെക്രട്ടറിയുടെ പി.എ/ ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടർ (ജനറൽ)ടെ. സി.എ/ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ

Section Officer

# അനുബന്ധം

## 2000-നു മുൻപ് വിരമിച്ച കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ ക്ഷേമ പദ്ധതി - മാർഗ്ഗരേഖകൾ

1. ഈ മാർഗ്ഗരേഖകൾ 2000-നു മുൻപ് വിരമിച്ച കേരളത്തിലെ പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ ക്ഷേമ പദ്ധതിക്കുള്ള മാർഗ്ഗരേഖകൾ എന്നറിയപ്പെടും.
2. ഈ പദ്ധതി, തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. പത്രപ്രവർത്തകേതര മേഖലയിൽ 2000 നു മുൻപ് വിരമിച്ചിട്ടുള്ളതും, 10 വർഷമോ അതിലധികം വർഷമോ നോൺ ജേർണലിസ്റ്റായി റഗുലർ സർവ്വീസുള്ളവർക്കുമായി ഈ പദ്ധതി നിജപ്പെടുത്തിയിരിക്കുന്നു.
3. ഈ പദ്ധതിക്ക് 2016 ജനുവരി മാസം മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. പത്രപ്രവർത്തകേതര ജോലി ജീവിതമാർഗ്ഗമായി സ്വീകരിച്ചിരുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.
4. പ്രതിമാസം 2000/- രൂപയാണ് പെൻഷൻ തുക.

## തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പത്രപ്രവർത്തകേതര ജോലിയിൽ നിന്നും 2000-നു മുൻപ് പെൻഷൻ പറ്റി പിരിഞ്ഞവരായിരിക്കണം.
2. ഈ പദ്ധതിയിൽ അംഗമാകുന്നതിലേയ്ക്കായി നിലവിൽ പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ അപേക്ഷാ ഫോറം ഉപയോഗിക്കാവുന്നതാണ്. അപേക്ഷാ ഫോറം ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ശിപാർശ സഹിതം ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.
3. ഈ പദ്ധതിയിൽ ചേരുന്നവർ ജനനത്തീയതി തെളിയിക്കുന്നതിനുള്ള രേഖ, അവർ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള Employment Certificate എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടവരെ തെരഞ്ഞെടുക്കുന്നതിലേയ്ക്കായി ഐ&പി.ആർ. വകുപ്പ് മന്ത്രി ചെയർമാൻ, ഐ&പി.ആർ.ഡി സെക്രട്ടറി, ധനകാര്യ സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറി, പത്രപ്രവർത്തകേതര സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി ഒരു 9 അംഗ കമ്മിറ്റി ഉണ്ടായിരിക്കും. കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി മാത്രം പെൻഷൻ അനുവദിക്കുന്നതാണ്.
5. ഈ പദ്ധതിയുടെ കൺവീനർ പബ്ലിക് റിലേഷൻസ് ഡയറക്ടർ ആയിരിക്കും.
6. ധനസഹായം അനുവദിക്കുന്നതിലേയ്ക്കു വേണ്ടിവരുന്ന തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

Section Officer